

THURSDAY 17/04/2025 വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA


Chief Editor: Haripriya Devi VV (I/C) Editor: Dr. Binu Harriet Ivan



Farm Information Bureau, Kowdiar, Thiruvananthapuram -695003

Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186, 2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 17/04/2025

1. തൃശൂർ കണ്ണാറ കേരള അഗ്രോ ബിസിനസ്സ് കമ്പനി ലിമിറ്റഡ്സജ്ജീകരണത്തിനായി ബനാന ആൻഡ് ഹണി അഗ്രോ പാർക്കിലെ സംഭരണം/വെയർഹൗസ്/സംസ്കരണ യൂണിറ്റുകൾ, കണ്ണറ, തൃശൂർ എഫ്പിഎസ്, എംഎസ്എംഇകൾ, കർഷകർ, സ്വകാര്യ കമ്പനികൾ, സംരംഭകർ തുടങ്ങിയവർക്ക് മിതമായ നിരക്കിൽ പാട്ട വാടകയ്ക്ക് പ്രോസസ്സിംഗ് യൂണിറ്റുകൾ സ്ഥാപിക്കാനുള്ള മികച്ച അവസരം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് 6238148583 എന്നാ ഫോൺ നമ്പറിലോ www.kabco.co. in എന്ന ഈ മെയിലിലോ ബന്ധപ്പെടുക.

2. സംസ്ഥാന പൊതുമേഖലാ സ്ഥാപനമായ കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ "ഹാച്ചറി സൂപ്പർവൈസർ-കം-ടെക്ക്നിഷ്യൻ" തസ്തികയിലേയ്ക്ക് കരാർ നിയമനത്തിനായി ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. വിദ്യാഭ്യാസ യോഗ്യത, തൊഴിൽ പരിഞ്ജാനം, മറ്റ് പ്രധാന വിശദാംശങ്ങൾക്കുമായി www.kepco.co.in & www.kepconews.blogspot.com വെബ് പോർട്ടൽ സന്ദർശിക്കുക.

3. തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ കോഴിക്കുഞ്ഞുങ്ങളുടെ (ബിവി 380 165 രൂപ) വിൽപ്പനയ്ക്കുള്ള ബുക്കിംഗ് ആരംഭിച്ചിരിക്കുന്നു. 9400483754 എന്ന ഫോൺ നമ്പറിൽ വിളിച്ചു ബുക്ക് ചെയ്യേണ്ടതാണ്. ബുക്കിംഗ് സമയം രാവിലെ 10 മണി മുതൽ 4 മണി വരെ.

4. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, ആത്മ മുഖേന ജൈവ കൃഷിക്കും. ജൈവ ഉത്പന്നങ്ങൾക്കും നൂറു ശതമാനം സൗജന്യമായി സർട്ടിഫിക്കേഷൻ

നൽകുന്നതിനുള്ള പി.ജി.എസ് സർട്ടിഫിക്കേഷൻ പദ്ധതി നടപ്പിലാക്കുന്നു. കർഷകർ വിവരങ്ങൾക്കായി അടുത്തുള്ള കൃഷിഭവനുമായി ബന്ധപ്പെടുക.

5. തെങ്ങിലെ കൂമ്പുചീയൽ നിയന്ത്രണത്തിന് ഉപയോഗിക്കാവുന്ന ട്രൈക്കോ ഡെർമ കൊയർപിത്ത് കേക്കുകൾ (Trichoderma coirpith cake) കണ്ണൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ വിൽപ്പനയ്ക്ക് തയ്യാറായിട്ടുണ്ട്. പാർസൽ ആയും എത്തിച്ചു നൽകുന്നതാണ്. ആവശ്യമുള്ളവർ 8547675124 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

6. സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ (കെപ്കോ) നടപ്പാക്കുന്ന മുട്ടക്കോഴി ഇൻറഗ്രേഷൻ പദ്ധതി (ഒരു ദിവസം പ്രായമുള്ള മുട്ടക്കോഴിക്കുഞ്ഞുങ്ങൾ, തീറ്റ, മരുന്ന് എന്നിവ നൽകി 45 ദിവസം പ്രായമാകുമ്പോൾ കോഴികളെ തിരിച്ചെടുക്കുന്ന പദ്ധതി) പ്രകാരം ഫാം നടത്താൻ താൽപ്പര്യമുള്ള തിരുവനന്തപുരം, കൊല്ലം ജില്ലകളിലെ കുടുംബശ്രീ യൂണിറ്റുകൾ/കോഴിവളർത്തൽ കർഷകർ എന്നിവരിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. അപേക്ഷകൾ മാനേജിംഗ് ഡയറകടർ, കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ, പേട്ട, തിരുവനന്തപുരം-695024 എന്ന മേൽ വിലാസത്തിൽ അയയ്ക്കേണ്ടതാണ്. അല്ലെങ്കിൽ kepcopoultry@gmail.com. എന്ന ഇ-മെയിൽ മുഖേന അയയ്ക്കേണ്ടതാണ്. വിശദവിവരങ്ങൾക്ക് ബന്ധപ്പെടേണ്ട നമ്പർ - 9745870454.

7. 2025-26 സാമ്പത്തിക വർഷത്തിൽ മത്സ്യഫെഡ് നടപ്പിലാക്കുന്ന മത്സ്യത്തൊഴിലാളി വ്യക്തിഗത അപകട ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതിയിൽ പ്രീമിയം ഒടുക്കി ഗുണഭോക്താക്കളാകുന്നതിന് അവസരം. 18 നും 70 നും ഇടയിൽ പ്രായമുള്ളർക്ക് പ്രീമിയം തുകയായ 509 രൂപ അടച്ച് മത്സ്യത്തൊഴിലാളി സഹകരണസംഘങ്ങൾ വഴി പരിരക്ഷ ഉറപ്പാക്കാം. മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളിൽ അംഗങ്ങളല്ലാത്തവർക്ക് സി ക്ലാസ് മെമ്പർഷിപ്പ് എടുത്ത് ഇൻഷുറൻസ് പദ്ധതിയിൽ ചേരാം. ഒരു വർഷമാണ്

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

പദ്ധതിയുടെ കാലാവധി. പദ്ധതിയിൽ ഗുണഭോക്താക്കളാകുന്നവർക്ക് അപകട മരണമോ, അപകടത്തെ തുടർന്ന് പൂർണ, ഭാഗിക/ അംഗവൈകല്യമോ സംഭവിച്ചാൽ നിബന്ധനകൾക്ക് വിധേയമായി പത്ത് ലക്ഷം രൂപ വരെ ഇൻഷുറൻസ് ആനുകൂല്യം ലഭ്യമാകും. ഫോൺ: 8943823000 (അഴീക്കോട്), 6282772876 (പെരിഞ്ഞനം), 7561027919 (കയ്പമംഗലം), 8281291940 (നാട്ടിക), 9746164295 (ചാവക്കാട്)

8. **കാർഷിക നിർദ്ദേശം**

നെല്ലിൽ തണ്ടുതുരപ്പനേയും ഇലചുരുട്ടി പുഴുവിനേയും നിയന്ത്രിക്കാൻ ട്രൈക്കോകാർഡുകൾ 2 സിസി ഒരു ഏക്കറിന് എന്ന കണക്കിൽ ഉപയോഗിക്കുക. കാർഡുകൾ കീറി ഒരു ഭാഗം 5 സെന്റിന് എന്ന തോതിൽ മഴ നനയാതെ പാടത്തു ഉറപ്പിക്കേണ്ടതാണ്.

തെങ്ങിൻ തടങ്ങൾ ഉഴുതിടുന്നതാണ് അഭികാമ്യം. ഇങ്ങനെ ചെയ്യുന്നത് വായു സമ്പർഗം കൂട്ടാനും ഈർപ്പം നിലനിർത്താനും സഹായിക്കും. ഇടവിളയായി വാഴ ചേമ്പ് മുതലായ വിളകൾ കൃഷി ചെയ്യാവുന്നതാണ്.

നീര് ഊറ്റി കുടിക്കുന്ന വാഴപ്പേൻ, കുറുനാമ്പ് കൊക്കാൻ തുടങ്ങി വൈറസ് രോഗങ്ങൾ പരത്തുന്നു. ഇവക്കെതിരെ പുകയില കഷായം തളിക്കുക . ഡൈമെത്തോയേറ്റ് 30 EC തളിച്ചു കൊടുക്കാം.

പടവലത്തിൽ കൂനൻ പുഴുവിനെ നിയന്ത്രിക്കുവാൻ ഗോമൂത്രം കാന്താരി മിശ്രിതം തളിക്കുക. കീടബാധ രൂക്ഷമാണെങ്കിൽ ക്ലോറാൻട്രാനിലിപ്പോൾ 185 SC 3 മില്ലി 10 ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കാവുന്നതാണ്.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം